അപാകതകൾ ഇല്ലാത്തവിധം അവ തയ്യാറാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാന്റ് എന്നീ ഇനങ്ങളിലെ പദ്ധതിസഹായം യഥാസമയം വിനിയോഗിക്കുമ്പോൾ സെക്രട്ടറിമാർ, വകുപ്പു തലവന്മാരുമായും ആസൂത്രണ സാമ്പത്തിക വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരുമായും കൂടിയാലോചിച്ച് നടപടികൾ എടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വകയിരുത്തിയ തുക മുഴുവനും ചെലവു ചെയ്യുന്നതിനേക്കാൾ പ്രധാനമാണ് ഭൗതിക ലക്ഷ്യങ്ങൾ കൈവരിക്കുകയെന്നത് എന്ന വസ്തുത ചൂണ്ടിക്കാണിച്ചുകൊണ്ട് അതിന് നിരന്തരമായ പ്രവർത്തനം ആവശ്യമാണെന്ന് ഊന്നിപറഞ്ഞിട്ടുണ്ട്.

3 (1363) 1998-99 വർഷത്തെ പദ്ധതി ചെലവ്

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99 വർഷത്തെ പദ്ധതി ചെലവ് എത്രശതമാനം ആണെന്ന് വ്യക്തമാക്കാമോ;

(ബി) ഡിസംബർ 31 വരെ എത്ര ശതമാനം എന്നും ജനുവരി 31, ഫെബ്രുവരി 28, മാർച്ച് 31 എന്നീ തീയതികൾ വരെ എത്ര ശതമാനം ചെലവഴിച്ചു എന്നും വെളിപ്പെടുത്താമോ;

(സി) 1998-99-ലെ പദ്ധതി ചെലവിനുവേണ്ടി എത്രകോടി രൂപ കടം എടുത്തു എന്നും അതിൽ എത്രകോടി രൂപ ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 100 ശതമാനം.

(ബി) ഡിസംബർ 31 വരെ 48 ശതമാനവും ജനുവരി 31 വരെ 57 ശതമാനവും ഫെബ്രുവരി 28 വരെ 67 ശതമാനവും മാർച്ച് 31 വരെ 100 ശതമാനവും ചെലവഴിച്ചിട്ടുണ്ട്.

(സി) 1998-99-ൽ പദ്ധതി ചെലവുമായി ബന്ധപ്പെട്ട് വിവിധ സ്രോതസ്സുകളിൽനിന്ന് കേന്ദ്രസഹായം കൂടാതെ 489.74 കോടി രൂപ വികസനവായ്പയായി കടം എടുത്തിട്ടുണ്ട്. മുഴുവൻ തുകയും പദ്ധതി പ്രവർത്തനത്തിനായി ചെലവഴിച്ചിട്ടുണ്ട്.

4 (1364) ഒമ്പതാം പദ്ധതിനിക്ഷേപം

ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ്:
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒമ്പതാം പദ്ധതിയിൽ എത്ര ശതമാനം വാർഷിക വളർച്ചയാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും ഈ ലക്ഷ്യം നേടിയെടുക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികളുടെ പുരോഗതി എന്താണെന്നും വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ സ്വകാര്യമേഖലയിലും പൊതുമേഖലയിലുമായി എത്രകോടി രൂപയുടെ മൂലധന നിക്ഷേപമാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും

LIBRARY ARCHIVES Kerala Legislative Assembly

ഇതുവരെ ഓരോ മേഖലയിലും എന്തു മൂലധന നിക്ഷേപമുണ്ടായിയെന്നും വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്തെ ബാങ്കുകളിൽ 1988 മുതൽ 1998 വരെയുള്ള കാലയളവിൽ എത്രകോടി രൂപയുടെ എൻ.ആർ.ഐ. നിക്ഷേപം ഉണ്ടായി യെന്നും ബാങ്കുകളിലെ നിക്ഷേപം മൊത്തം എത്ര കോടിയായിരുന്നുവെന്നും വിശദീകരിക്കാമോ?

ഉത്തരം

(എ) ഒമ്പതാം പദ്ധതിയിൽ ഏഴു ശതമാനം വാർഷിക വളർച്ച നിര ക്കാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി ഓരോ വാർഷിക പദ്ധതിയിലും ഉല്പാദനോന്മുഖമായ പരിപാടികൾക്ക് ആവ ശ്യമായ തുക നീക്കി വയ്ക്കുകയും അവയുടെ പൂർത്തീകരണത്തിന് ഊന്നൽ നൽകുകയും ചെയ്തിട്ടുണ്ട്. ജലസേചനം, വൈദ്യുതി ഉല്പാദനം, വ്യാവസാ യിക പശ്ചാത്തല സൗകര്യങ്ങളുടെ വികസനം തുടങ്ങിയ മേഖലകൾക്ക് ഊന്നൽ നൽകിയിട്ടുണ്ട്. ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ 40 ശതമാനം തുകയെങ്കിലും ഉല്പാദനമേഖ ലയ്ക്കു നീക്കിവയ്ത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ഒമ്പതാം പദ്ധതി യിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്നവയിൽ ഒട്ടേറെ പദ്ധതികൾ പൂർത്തീകര ണത്തോട് അടുത്തുകൊണ്ടിരിക്കുന്നു. ഈ പരിപാടികൾക്ക് അനുയോജ്യമായ തരത്തിൽ വ്യവസായ വികസനത്തിനും, വിവരസാങ്കേതിക-വിദ്യാ വികസന ത്തിനും, വിനോദസഞ്ചാര വികസനത്തിനും വേണ്ട നയപരിപാടികൾക്ക് രൂപം നൽകി നടപ്പാക്കി തുടങ്ങിയിട്ടുണ്ട്. വിവരസാങ്കേതിക വിദ്യാവികസനം ചിട്ടയോടെ നടപ്പാക്കുന്നതിനുവേണ്ടി ഒരു പ്രത്യേക വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. ഈ നടപടികൾ ഒമ്പതാം പദ്ധതി ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനു സഹായ കമായിരിക്കും.

(ബി) ഒമ്പതാം പദ്ധതിക്കാലത്ത് മൊത്തം 52000 കോടി രൂപയുടെ മുതൽമുടക്ക് സംസ്ഥാനത്തുണ്ടാകണമെന്നാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാന പദ്ധതിവിഹിതമായി 15100 കോടി രൂപയും കേന്ദ്രപൊതുമേഖലയിൽ 7000 കോടി രൂപയും സ്വകാര്യമേഖലയിൽ 28,900 കോടി രൂപയും. ഇതിൽ, ആദ്യത്തെ രണ്ടു വർഷങ്ങളിൽ സംസ്ഥാന പദ്ധതി വിഹിതമായി 5973.58 കോടി രൂപ ചെലവഴിക്കുകയും 1999-2000 വർഷ ത്തേയ്ക്ക് 3250 കോടി രൂപ നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ മേഖലയിലും കേന്ദ്രപൊതുമേഖലയിലും ഇതുവരെ ഉണ്ടായിട്ടുള്ള മുതൽമുട ക്കിനെ സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല.

(സി) സംസ്ഥാനത്തെ ബാങ്കുകളിൽ 1998 ഏപ്രിൽ മുതൽ 1998 ഡിസംബർ 31 വരെ മൊത്തം 12912 കോടി രൂപയുടെ എൻ.ആർ.ഐ. നിക്ഷേപം ഉണ്ടായിട്ടുണ്ട്. ഈ ബാങ്കുകളിലെ മൊത്തം നിക്ഷേപം 1998 ഡിസംബർ 31-ന് 30462 കോടി രൂപയായിരുന്നു.

5 (1365) പദ്ധതി നിർവ്വഹണം സംബന്ധിച്ച റിപ്പോർട്ട്

ശ്രീ. കെ. ബാബു :
ശ്രീമതി രാധാ രാഘവൻ :

LIBRARY ARCHIVES Kerala Legislative Assembly